**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2641** **23-02-2026 - ൽ മറുപടിയ്ക്ക്**

**സഹകരണമേഖലയിൽ വായ്പാനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ഡോ. എം. കെ. മുനീർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കൃത്യമായ പരിശോധനകൾ ഇല്ലാതെയും തിരിച്ചടവ് ഉറപ്പാക്കാതെയും വായ്പകൾ നൽകുന്നതിനാൽ സഹകരണ ബാങ്കുകൾ സാമ്പത്തിക പ്രതിസന്ധിയിലാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ വായ്പാ അപേക്ഷകളിൽ കൃത്യമായ പരിശോധനകൾ നടത്തിയും തിരിച്ചടവ് ശേഷി പരിഗണിച്ചുമാണ് സാധാരണയായി വായ്പകൾ അനുവദിച്ചു വരുന്നത്. എന്നാൽ ചില സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാതെ വായ്പ നൽകിയത് കാരണം സാമ്പത്തിക പ്രതിസന്ധിയിൽ ആകുന്നതായി സംഘങ്ങൾ/ബാങ്കുകളിൽ നടത്തിയ പരിശോധന/അന്വേഷണം/ആഡിറ്റ് വേളകളിൽ കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | സഹകരണ ബാങ്കുകളുടെ തകർച്ച ഒഴിവാക്കുന്നതിനായി സഹകരണ മേഖലയിൽ വായ്പാനയം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ വായ്പാനയം രൂപീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | സഹകരണ സംഘങ്ങളിൽ നിന്നും നൽകാവുന്ന വായ്പകൾ, വായ്പകൾക്ക് സ്വീകരിക്കേണ്ട ഈട് പ്രമാണങ്ങൾ, വായ്പകളുടെ തിരിച്ചടവ് കാലാവധി, കുടിശ്ശിക ഈടാക്കൽ, കുടിശ്ശികയായ വായ്പകൾക്ക് കരുതൽ വയ്ക്കുന്നതിനുള്ള മാനദണ്ഡം എന്നിവ സംബന്ധിച്ച് ഒരു നയം രൂപീകരിക്കുന്നത്, സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വായ്പകളുടെ തിരിച്ചടവ് കാര്യക്ഷമമാക്കുന്നതിനും സംഘങ്ങളുടെ സാമ്പത്തിക ഭദ്രത, വിശ്വാസ്യത എന്നിവ ഉറപ്പു വരുത്തുന്നതിനും സഹായകരമാകുമെന്നുള്ളതിനാൽ സഹകരണ മേഖലയിൽ ഒരു കരട് വായ്പാ നയം രൂപീകരിക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ